**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **24-02-2022 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വവുമായി ബന്ധപ്പെട്ട് വിജിലൻസ് പരിശോധന**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വവുമായി ബന്ധപ്പെട്ട് ദേവസ്വം വിജിലൻസ് വിഭാഗം പരിശോധിക്കുന്നതും സംസ്ഥാന ആഭ്യന്തര വിജിലൻസ് വകുപ്പ് പരിശോധിക്കുന്നതുമായ കേസുകളുടെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം കേസുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നില്ല. എൻക്വയറികൾ മാത്രമാണ് നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ 2 കേസുകളിൽ അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) | ഏതെല്ലാം കേസുകളാണ് സംസ്ഥാന വിജിലൻസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കുമോ; | (ബി) | 1) പത്തനം തിട്ട - വി.സി. 02/2021/പി.ടി.എ. 2) കൊല്ലം - വി.സി. 01/2021/കെ.എൽ.എം. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും ഉദ്യോഗസ്ഥനെ പ്രതിയാക്കി കേസെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് കേസെടുത്തതെന്നും ബോർഡിനെ എന്നാണ് അറിയിച്ചതെന്നും വിശദമാക്കുമോ; | (സി) | ഉണ്ട് . വിശദ വിവരം ചുവടെ ചേർക്കുന്നു . 1) വി.സി. 02/2021/പി.ടി.എ. രജിസ്റ്റർ ചെയ്ത തീയതി -06.10.2021 പ്രതികൾ - 1) ജയപ്രകാശ് ജെ. (മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ദേവസ്വം ബോർഡ്, നിലയ്ക്കൽ.) നിലവിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, ദേവസ്വം ബോർഡ്. 2) ഡി. സുധീഷ് കുമാർ (മുൻ എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.) നിലവിൽ ഫിനാൻസ് കമ്മീഷണർ, ദേവസ്വം ബോർഡ്. 3) വി.എസ്. രാജേന്ദ്രപ്രസാദ് (മുൻ എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.) നിലവിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ദേവസ്വം ബോർഡ്. 4) എൻ. വാസുദേവൻ നമ്പൂതിരി, (മുൻ ജൂനിയർ സൂപ്രണ്ട്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.) നിലവിൽ അഡ്മിനിസിട്രേറ്റീവ് ഓഫീസർ, വള്ളിയാംകാവ് ദേവസ്വം. സർക്കാരിലേയ്ക്ക് അറിയിച്ച തീയതി- 09-11-2021 ബോർഡിലേയ്ക്ക് അറിയിച്ച തീയതി- 06.12.2021 2) വിസി 01/2021/ കെ.എൽ.എം. രജിസ്റ്റർ ചെയ്ത തീയതി - 10.04.2021 പ്രതികൾ- രാധാകൃഷ്ണനാചാരി, സബ് ഗ്രൂപ്പ് ഓഫീസർ, കാഞ്ഞിരംകോട് സബ് ഗ്രൂപ്പ് ഓഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്. |

| | | | |
|---|---|---|---|
| | | | സർക്കാരിലേയ്ക്ക് അറിയിച്ച തീയതി- 28.06.2021<br>ബോർഡിലേയ്ക്ക് അറിയിച്ച തീയതി - 07.09.2021 |
| (ഡി) | കേസെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ബോർഡ് സ്വീകരിച്ച നടപടി വിശദമാക്കാമോ; വിഷയം പരിശോധിച്ച് വരികയാണെങ്കിൽ പരിശോധന എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലയ്ക്കൽ മെസ്സ് നടത്തിപ്പ് വിഷയത്തിൽ ദേവസ്വം വിജിലൻസ് റിപ്പോർട്ട് പ്രകാരം പ്രധാനമായും കുറ്റാരോപിതരായ ശ്രീ. ജെ. ജയപ്രകാശിനെ (നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) സർവ്വീസിൽ നിന്നും 04.02.2022 ൽ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. ടിയാനെ കൂടാതെ ഈ വിഷയത്തിൽ മറ്റ് 3 ഉദ്യോഗസ്ഥർക്ക് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രം നൽകുന്നതിന് 04.02.2022 ൽ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മാവേലിക്കര ഡിവിഷനിലെ മരാമത്ത് പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ